بسم الله الرحمن الرحيم
نحمده ونصلي علي رسوله الكريم. وعلى عبده المسيح الموعود

ഖുത്ബ
23.9.2005
ഓസ്‌ലോ, നോർവേ

# നിങ്ങൾ ഇഷ്ടപ്പെട്ടത് നിങ്ങൾ ചെലവ് ചെയ്യുക

لَنْ تَنَالُوا الْبِرَّ حَتَّىٰ تُنْفِقُوا مِمَّا تُحِبُّونَ ۚ وَمَا تُنْفِقُوا مِنْ شَيْءٍ فَإِنَّ اللَّهَ بِهِ عَلِيمٌ

**ഈ** വചനത്തിന്റെ തർജമ ഇങ്ങനെയാണ്. നിങ്ങൾ ഇഷ്ടപ്പെടുന്നതിൽനിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾ പരിപൂർണ്ണനന്മ പ്രാപിക്കുകയില്ല. നിങ്ങൾ ഏതൊന്നു ചെലവഴിക്കുന്നുവോ അതിനെക്കുറിച്ച് അല്ലാഹു നല്ലവണ്ണം അറിയുന്നവനാകുന്നു.

അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കൽ, അല്ലാഹുവിന്റെ അടിസ്ഥാനപരമായ കല്പനകളിൽ ഒരു കല്പനയാണ്. വിശുദ്ധഖുർആന്റെ ആരംഭത്തിൽത്തന്നെ അല്ലാഹു നിസ്കാരം കല്പിച്ചതിനോടൊപ്പം ധനത്യാഗത്തെക്കുറിച്ചും പറയുകയുണ്ടായി. അവൻ പറഞ്ഞു: ***യുഖീമൂനസ്സ്വലാത്ത വ മിമ്മാ റസഖ്നാഹും യുൻഫിഖൂൻ***. അവർ നിസ്കാരം മുറപ്രകാരം അനുഷ്ഠിക്കുന്നു. നാം അവർക്ക് നല്കിയതിൽനിന്ന് അവർ ചെലവഴിക്കുകയും ചെയ്യുന്നു. (*2:4*)

അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നതിനായി, അവന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി, അവനെ ആരാധിക്കേണ്ടത് നിർബന്ധമാണെന്നതുപോലെ അവന്റെ മാർഗ്ഗത്തിൽ പരിശുദ്ധ സ്വസമ്പാദ്യങ്ങളിൽ നിന്ന് ചെലവഴിക്കേണ്ടതും നിർബന്ധമാണ്. ഇതുമുഖേനയാണ് മനഃപരിശുദ്ധിയുണ്ടാകുന്നത്. ധനത്തോടുള്ള സ്നേഹം കുറയുകയും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ ഒരു വിശ്വാസി പരിശ്രമിക്കുകയും ചെയ്യുന്നു. നബി(സ) യുടെ കാലഘട്ടത്തിലും സന്ദർഭാനുസരണം സാമൂഹികാവശ്യത്തിനായി നബി(സ) വിളംബരം ചെയ്തിരുന്നു. സ്വഹാബത്ത് അത്യുത്സാഹത്തോടെ അതിൽ പങ്കെടുത്തിരുന്നു. പുരുഷനാവട്ടെ സ്ത്രീയാവട്ടെ തങ്ങളുടെ ധനം ദൈവമാർഗ്ഗത്തിൽ ത്യാഗം ചെയ്തിരുന്നു. ഒരിക്കൽ നബി(സ) സ്ത്രീകളോടു മതപ്രചാരണത്തിന് ധനത്യാഗം ആവശ്യമാണെന്നു പറഞ്ഞു. ഹസ്റത്ത് ബിലാൽ(റ) തന്റെ പുതപ്പ് നിലത്ത് വിരിച്ചിരിക്കുകയായിരുന്നു. അത് സ്ത്രീകളുടെ ആഭരണങ്ങൾകൊണ്ട് നിറഞ്ഞു. അത് സമർപ്പിക്കാൻ സ്ത്രീകൾക്ക് തിക്കുംതിരക്കും കൂട്ടേണ്ടിയും വന്നു.

ഒരിക്കൽ നബി(സ) തിരുമേനിയുടെ ആവശ്യപ്രകാരം ഹസ്റത്ത് ഉമർ(റ) തന്റെ വീട്ടിലെ പകുതി സാധനങ്ങളെടുത്തുകൊണ്ടുവന്നു. ഹസ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) വീട്ടിലെ എല്ലാ സാധനങ്ങളും എടുത്തുകൊണ്ടാണ് വന്നത്. നബി(സ) ചോദിച്ചു: അബൂബക്കറേ! വീട്ടിൽ എന്തെങ്കിലും ബാക്കിവെച്ചിട്ടാണോ വന്നത്? അവിടന്ന് പറഞ്ഞു: അല്ലാഹുവിനേയും അവന്റെ റസൂലിനേയും അവിടെ ഉപേക്ഷിച്ചിട്ടാണ് വന്നിട്ടുള്ളത്. അതിനേക്കാൾ വലുതായിട്ട് മറ്റൊരു സാധനവുമില്ല. അതിനേക്കാളുപരിയായിട്ട് ഒരു സ്വത്തുമില്ല. ഹസ്റത്ത് ഉമർ(റ) പറയുന്നു: ഞാനെന്റെ വീട്ടിലെ പകുതി സാധനങ്ങളുമായി വന്നപ്പോൾ, ഞാൻ വിചാരിച്ചത് ഇന്ന് ഞാൻ അബൂബക്കറിനെ കവച്ചുവെച്ചിരിക്കുന്നുവെന്നാണ്. എന്നാൽ, അബൂബക്കറിന്റെ സംസാരം കേട്ടപ്പോൾ അദ്ദേഹത്തെ ഒരിക്കലും കവച്ചുവയ്ക്കാൻ എനിക്കു സാധിക്കുകയില്ലെന്ന് മനസ്സിലായി.

മദീനയിലെ അൻസാറുകളിൽ ഏറ്റവും സമ്പന്നനായിരുന്നു ഹസ്റത്ത് അബൂത്വൽഹ അൻസാരി. അദ്ദേഹത്തിന് നിരവധി ഈന്തപ്പനത്തോട്ടങ്ങളുണ്ടായിരുന്നു. അവയിൽ അദ്ദേഹം ഏറ്റവും ഇഷ്ടപ്പെട്ടത് ബിഅ്റുഹാ എന്ന തോട്ടമായിരുന്നു. അത് മസ്ജിദ് നബ്‌വിയുടെ ഏറ്റവും അടുത്തായിരുന്നു. നബി(സ) മിക്കപ്പോഴും അവിടെ പോകുമായിരുന്നു. അവിടത്തെ കിണറ്റിലെ തണുത്തവെള്ളം കുടിക്കുമായിരുന്നു. അദ്ദേഹത്തിന് അത് വളരെ ഇഷ്ടമായിരുന്നു. '***ലൻതനാലുൽബിർറ ഹത്താ തുൻഫിഖൂ***' എന്ന വചനമിറങ്ങിയതിനുശേഷം ഹസ്റത്ത് അബൂത്വൽഹ അൻസാരി(റ) നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. അവിടന്ന് പറഞ്ഞു: "ഈ തോട്ടം ഞാൻ ഏറ്റവുമധികം ഇഷ്ടപ്പെടുന്ന തോട്ടമാണ്. ഞാനത് അല്ലാഹുവിന്റെ മാർഗ്ഗത്തിലേക്കു തരുന്നു. അല്ലാഹു എന്റെ ഈ നന്മയെ സ്വീകരിക്കുമെന്നും പരലോകത്തെ എന്റെ ഭണ്ഡാരത്തിൽ ഉൾപ്പെടുത്തുമെന്നും ഞാൻ കരുതുന്നു."

ഇതായിരുന്നു സ്വഹാബത്തിന്റെ സാമ്പത്തിക ത്യാഗത്തിന്റെ മാതൃക. ഈ ഖുർആനികവചനത്തെ വിശദീകരിച്ചുകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നിങ്ങൾക്കിഷ്ടപ്പെട്ട വസ്തുക്കൾ അല്ലാഹുവിന്റെ വഴിയിൽ നിങ്ങൾ ചെലവഴിക്കുന്നതുവരെ, മോക്ഷം വരെ കൊണ്ടെത്തിക്കുന്ന യഥാർത്ഥ നന്മയെ പ്രാപിക്കാൻ നിങ്ങൾക്കു സാദ്ധ്യമല്ല." അവിടന്ന് പറഞ്ഞു: "ധനത്തെ സ്നേഹിക്കാൻ പാടില്ല. അല്ലാഹു പറയുന്നു: ***ലൻതനാലുൽബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂൻ***. നിങ്ങൾ ഇഷ്ടപ്പെടുന്നതിൽനിന്ന് നിങ്ങൾ ചെലവഴിക്കുന്നതുവരെ നിങ്ങൾ നന്മ പ്രാപിക്കുകയില്ല. നബി(സ) തിരുമേനിയുടെ കാലവുമായി ഇന്നത്തെ അവസ്ഥകൾ തട്ടിച്ചുനോക്കുമ്പോൾ, ഇക്കാലത്തെ അവസ്ഥയിൽ വിഷമം തോന്നുന്നു." പറഞ്ഞു: "ജീവനേക്കാൾ പ്രിയങ്കരമായി ഒരു വസ്തുവുമില്ല. അക്കാലത്ത് അല്ലാഹുവിന്റെ വഴിയിൽ ജീവൻ തന്നെ ബലിയർപ്പിക്കേണ്ടി

വന്നിരുന്നു. നിങ്ങളെപ്പോലെ അവർക്കും ഭാര്യയും മക്കളും ഉണ്ടായിരുന്നു. ജീവൻ എല്ലാവർക്കും പ്രിയപ്പെട്ടതുതന്നെയാണ്. എന്നാൽ, അവരെപ്പോഴും അവസരം കിട്ടിയാൽ അല്ലാഹുവിന്റെ വഴിയിൽ ജീവൻ ബലിയർപ്പിക്കാൻ തക്കം പാർത്തിരുന്നു.'' വീണ്ടും അവിടന്ന് പറയുന്നു: "ഉപയോഗമില്ലാത്തതും കൊള്ളരുതാത്തതുമായ വസ്തു ചെലവഴിച്ചുകൊണ്ട് നന്മ ചെയ്തു എന്ന് ആർക്കും അവകാശപ്പെടാൻ പറ്റുകയില്ല. നന്മയുടെ കവാടം ഇടുങ്ങിയതാണ്. അതിനാൽ, കൊള്ളരുതാത്ത വസ്തു ചെലവഴിച്ചുകൊണ്ട് ആർക്കും അതിൽ പ്രവേശിക്കാൻ സാധ്യമല്ലെന്ന് ഓർത്തുകൊള്ളുക. കാരണം വ്യക്തമാണ്. ***ലൻതനാലുൽ ബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂൻ*** ഏറ്റവും പ്രിയങ്കരമായ, ഏറ്റവും പ്രിയപ്പെട്ട വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം, ദൈവസ്നേഹിതനെന്ന ദർജ ലഭിക്കുകയില്ല. ബുദ്ധിമുട്ടു സഹിക്കാനും, യഥാർത്ഥനന്മ കൈവരിക്കാനും ആഗ്രഹിക്കുന്നില്ലെങ്കിൽ, എങ്ങനെയാണ് വിജയിക്കാനും കാര്യം നേടാനും സാധിക്കുക.'' പറഞ്ഞു: "സ്വഹാബത്ത് ഒന്നും പ്രവർത്തിക്കാതെയാണോ അവരുടെ നിലയിലേക്ക് ഉയർന്നത്. ഭൗതികസ്ഥാനം കരസ്ഥമാക്കുന്നതിന് എത്രത്തോളം ബുദ്ധിമുട്ടേണ്ടിയും ചെലവഴിക്കേണ്ടിയും വരുന്നു. എന്നിട്ടും ലഭിക്കുന്നത് നിസ്സാരമായ ഒരു സ്ഥാനമാണ്. -അതുമുഖേന ശാന്തിയും സമാധാനവുമൊട്ടും ലഭിക്കുകയുമില്ല- അപ്പോൾ നിങ്ങൾ ചിന്തിച്ചുനോക്കുക, ഹൃദയത്തിന് തൃപ്തിയും മനസ്സിന് ശാന്തിയും യജമാനനായ അല്ലാഹുവിന്റെ തൃപ്തിയുടെ അടയാളവുമായ ***റളിയല്ലാഹുഅൻഹും*** എന്ന സംബോധന വെറുതെയങ്ങു കിട്ടിയതാണോ? താൽക്കാലികമായ ബുദ്ധിമുട്ടുകൾ സഹിക്കാത്തിടത്തോളം കാലം യഥാർത്ഥ സന്തോഷത്തിന് കാരണമായ അല്ലാഹുവിന്റെ തൃപ്തി ലഭിക്കുകയില്ലെന്ന കാര്യം ഓർക്കുക. ദൈവിക തൃപ്തി കരസ്ഥമാക്കുന്നതിനായി ബുദ്ധിമുട്ടുകളെ അവഗണിക്കുന്നവർ ഭാഗ്യവാന്മാരാണ്. കാരണം, അനശ്വരമായ സന്തോഷവും എന്നെന്നും നിലനില്ക്കുന്ന വെളിച്ചവും ഈ താൽക്കാലിക ബുദ്ധിമുട്ടുകൾക്കു ശേഷമാണ് സത്യവിശ്വാസികൾക്ക് ലഭിക്കുന്നത്.''

1400 വർഷത്തിനുശേഷം നബി(സ) തിരുമേനിയുടെ സത്യസന്ധനായ ഒരു ദാസൻ, തന്നെ വിശ്വസിക്കുന്നവരിൽ ഈ മാറ്റം ഉണ്ടാക്കാൻ ശ്രമിച്ചു. എന്നല്ല ഒരുപാടാളുകളുടെ മനസ്സിൽ ഈ മാറ്റം ഉണ്ടാക്കി. അക്കാരണത്താൽ മുഹമ്മദീ മസീഹിനെ വിശ്വസിക്കുന്നവരും നബി(സ) തിരുമേനിയുടെ കാലത്തുള്ളവരുമായി ചേർന്ന് സുവാർത്ത കേൾക്കുകയും ***റളിയല്ലാഹു അൻഹും*** എന്ന സമ്മാനത്തിന് അർഹരാകുകയും ചെയ്തു. ഇന്ന് ആ മഹാത്മാക്കളുടെ മക്കളായ അഹ്മദികളായ നമ്മളും ആത്മാർത്ഥരായി അല്ലാഹുവിനുവേണ്ടി അല്ലാഹു പറഞ്ഞ ആ നന്മയിൽ ചുവടുവയ്ക്കാൻ ശ്രമിച്ചുവരുന്നു. ആ കർമ്മങ്ങൾ ചെയ്യുമെന്ന് നാം ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൈയിൽ ഉടമ്പടി ചെയ്തിരിക്കുന്നു. ഇക്കാലം ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലമാണ്. അല്ലാഹുവിന്റേയും റസൂലിന്റേയും വാഗ്ദാനമനുസരിച്ച്, അനശ്വരവും എന്നെന്നും നിലനില്ക്കുന്നതുമായ കാലമാണ്. സത്യപൂർണ്ണമായ ഖിലാഫത്തു മുഖേന ഇതു ഖിയാമത്തുന്നാൾവരെ നിലനില്ക്കേണ്ടതാണ്. അതിനാൽ, ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഞാൻ പറഞ്ഞ അദ്ധ്യാപനങ്ങൾ, അതുമുഖേന ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബത്ത് തങ്ങളുടെ ഉള്ളിൽ മാറ്റങ്ങൾ വരുത്തുകയും ത്യാഗത്തിന്റെ ഉന്നതമായ മാതൃക നിലനാട്ടുകയും ചെയ്തിരിക്കുന്നു. ആ മാറ്റങ്ങളെ നമ്മൾ ഇക്കാലഘട്ടത്തിൽ തുടർന്നുകൊണ്ടു പോകേണ്ടതാണ്. കാരണം അല്ലാഹുവിന്റെ നിർദ്ദേശമനുസരിച്ച് അവന്റെ വഴിയിൽ നമ്മുടെ ഉത്തമമായ ധനം ചെലവഴിക്കുന്നതിലും അവന്റെ തൃപ്തി കരസ്ഥമാക്കുന്നതിലുമാണ് നമ്മുടെ രക്ഷ നിലനില്ക്കുന്നത്. അല്ലാഹു പറയുന്നു: ***അൻഫിഖൂ ഖയ്റുൻല്ലി അൻഫുസിക്കും.*** നിങ്ങളുടെ ധനം അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുക. ഇത് നിങ്ങളുടെ ജീവന് ഉത്തമമായിരിക്കും. അതായത്, ഇത് നിങ്ങൾക്കും ഉത്തമമാണ്. കാരണം നിങ്ങൾ ധനം ചെലവഴിക്കുമ്പോൾ അല്ലാഹു അത് തൃപ്തിപ്പെടുന്നതാണ്. നിങ്ങൾക്ക് കൂടുതൽ നന്മ ചെയ്യാൻ തൗഫീഖ് ലഭിക്കുന്നതാണ്. എന്നല്ല, അല്ലാഹുവിന്റെ വഴിയിൽ ചെലവഴിച്ചതിനുശേഷം നിങ്ങൾ നിങ്ങൾക്കുവേണ്ടിയും നിങ്ങളുടെ വീട്ടുകാർക്കും മക്കൾക്കും വേണ്ടിയും ചെലവഴിക്കുമ്പോൾ അതിലും ബർക്കത്തുണ്ടാകുന്നതാണ്. നിങ്ങളുടെ അല്പമായ ധനത്തിലും അല്ലാഹു എത്രമാത്രം ബർക്കത്ത് വയ്ക്കുമെന്നാൽ, അത് നിങ്ങളിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നതായിരിക്കും. നിങ്ങളുടെ കുട്ടികളിലും, അവരുടെ പരിപാലനത്തിലും- അവരുടെ എണ്ണത്തിലും തർബിയ്യത്തിലും അല്ലാഹു ബർക്കത്തിടുന്നതാണ്. ചുരുക്കിപ്പറഞ്ഞാൽ നമുക്കു ചിന്തിക്കാൻ പോലും പറ്റാത്തത്ര അനുഗ്രഹത്തിന് പാത്രമായിട്ടുള്ള കാര്യമാണിത്. കാരണം അല്ലാഹുവിന്റെ വാഗ്ദാനമാണിത്. അവൻ പറഞ്ഞു: ***വമൻയ്യൂഖ ശുഹ്ഹ നഫ്സിഹീ ഫഉലായിക്കഹുമുൽ മുഫ്ലിഹൂൻ***. വല്ലവരും തങ്ങളുടെ മനസ്സിന്റെ പിശുക്കിൽനിന്നും സുരക്ഷിതരായാൽ അവർ തന്നെയാണ് വിജയികൾ. (*59:10*)

വിജയം വരിക്കണമെങ്കിൽ, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കണമെങ്കിൽ, സ്വന്തം ധനത്തിലും സന്താനങ്ങളിലും അനുഗ്രഹം ചൊരിയണമെങ്കിൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നതിൽ ഒരിക്കലും പിശുക്ക് കാണിക്കരുത്. ഇന്ന് ഈ പിശുക്കിൽ നിന്ന് രക്ഷപ്പെടാൻ അഹ്മദികൾ ഏറ്റവുമധികം ശ്രമിക്കേണ്ടതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചതിനു ശേഷം അവർക്ക് ധനത്യാഗത്തിന്റെ കൂടുതൽ അറിവും വിവേകവും ലഭിച്ചിരിക്കുന്നു. ധനത്യാഗം ചെയ്യുന്നവരെ അല്ലാഹു എങ്ങനെയാണ് വിജയിപ്പിക്കുന്നത്, പറഞ്ഞു:

إن تقرضوا الله قرضا حسنا يضاعفه لكم
ويغفر لكم والله شكور حليم

നിങ്ങൾ അല്ലാഹുവിന് നല്ല നിലയിൽ കടം കൊടുക്കുകയാണെങ്കിൽ അവൻ നിങ്ങൾക്കത് ഇരട്ടിയായി മടക്കിത്തരും. അവൻ നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യും. അല്ലാഹു വളരെ വിലയിരുത്തുന്നവനും സഹനശീലനുമാകുന്നു. (*64:18*)

അതിനാൽ ഈ ധനത്യാഗം ഏറ്റവും ഉത്തമമായ കടമാണ്. അല്ലാഹുവിന് ബാഹ്യമായി പണത്തിന്റെ ആവശ്യമൊന്നുമില്ല. അല്ലാഹു എങ്ങനെയാണ് വിലമതിക്കുന്നതെന്ന് നമുക്ക് മനസ്സിലാക്കിത്തന്നിരിക്കുകയാണ്. ഈ ത്യാഗത്തെ സംബന്ധിച്ച് അല്ലാഹു പറയുന്നു: ഈ ത്യാഗം നിങ്ങൾ വരിച്ചത് എനിക്കുവേണ്ടിയാണ്. അതുകൊണ്ട് ഞാൻ നിങ്ങൾക്കത് മടക്കിത്തരുന്നതാണ്. ആദരിക്കുന്നവരിൽവെച്ച് ഏറ്റവും നല്ലപോലെ ആദരിക്കുന്നവനാണ് അല്ലാഹു. അതുകൊണ്ടാണ് പല ഇരട്ടികളാക്കി അത് മടക്കിത്തരുന്നത്. എഴുന്നൂറോ അതിലധികമോ ഇരട്ടിയാക്കി മടക്കുമെന്ന് ഒരിടത്ത് അല്ലാഹു പറഞ്ഞിരിക്കുന്നു.

ഈ ഉത്തമമായ കടമെന്താണ്? ഇതൊരു കച്ചവടമാണ്. ലാഭം മാത്രം ഉണ്ടാകുന്ന കച്ചവടം. അതുകൊണ്ട് ത്യാഗം ചെയ്യുന്ന ആർക്കുംതന്നെ, താൻ അല്ലാഹുവിനോട് ഔദാര്യം ചെയ്തിരിക്കുന്നു എന്ന വിചാരമുണ്ടാകരുത്. വെറും ധനത്തിന്റെ അടിസ്ഥാനത്തിലോ ഭൗതികാടിസ്ഥാനത്തിലോ ത്യാഗം ചെയ്യുന്നവരുടെ അവസ്ഥ നന്നാക്കി തീർക്കുക മാത്രമല്ല അല്ലാഹു ചെയ്യുന്നത്, പ്രത്യുത- ഭൗതികമായ നേട്ടം എന്തായാലും നിങ്ങൾക്കുണ്ടാകുന്നതു തന്നെയാണ്- നിങ്ങളുടെ പാപങ്ങളും പൊറുത്തുതരുമെന്ന് അല്ലാഹു പറയുന്നു. മനുഷ്യൻ പാപങ്ങളുടെ കളിപ്പാവയാണ്. നല്ല ഹൃദയത്തിലും പല പല പാപങ്ങളും ഉണ്ടാകും. പല തെറ്റുകളും ഉണ്ടാകും. അതിൽനിന്നെല്ലാം ഈ ത്യാഗങ്ങൾ കാരണത്താൽ മോചനമുണ്ടാകുന്നതാണ്. നന്മ ചെയ്താൽ പ്രത്യേകമായ ശ്രദ്ധ ഉണ്ടായിക്കൊണ്ടിരിക്കും. മറ്റൊന്ന്, വന്നുപോയ തെറ്റുകളും വീഴ്ചകളും പൊറുക്കുന്നതിനുള്ള സാഹചര്യവും ഒരുങ്ങുന്നതാണ്. അതുകൊണ്ട് ഈ ഭാഗത്തേക്ക് ശ്രദ്ധിക്കുക. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളാകുക. അല്ലാഹു എങ്ങനെയാണ് ഈ ത്യാഗങ്ങൾ വരിക്കുന്നവരെ അനുഗ്രഹിക്കുന്നത്. ഇതു സംബന്ധിച്ച് ഒരു ഹദീസിൽനിന്ന് നമുക്ക് വെളിച്ചം ലഭിക്കുന്നുണ്ട്. ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: ഓരോ പ്രഭാതത്തിലും രണ്ടു മലക്കുകൾ ഇറങ്ങുന്നു. അവരിൽ ഒരാൾ പറയുന്നു: അല്ലാഹുവേ, ധർമ്മിഷ്ഠന് നീ ഇനിയും നല്കിയാലും. അവന്റെ ചവിട്ടടികളിലൂടെ നടക്കുന്നവരെ ഇനിയും സൃഷ്ടിച്ചാലും. മറ്റേ മലക്ക് പ്രാർത്ഥിക്കും. അല്ലാഹുവേ, പിശുക്കന് നീ നാശം വരുത്തിവെക്കേണമേ. അവന്റെ ധനവും സ്വത്തുമെല്ലാം നശിപ്പിക്കേണമേ.

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുന്നവർക്കുവേണ്ടി, മലക്കുകളും ദുആ ചെയ്യുന്നു. ഈ മലക്കുകളുടെ ദുആയ്ക്കുള്ള ഏർപ്പാട് അല്ലാഹു ചെയ്തിരിക്കുന്നത്, ത്യാഗം ചെയ്യുന്നവരെ ആദരിക്കുന്നതിനാണ്. ഇതും അല്ലാഹുവിന്റെ അനുഗ്രഹം ഇറങ്ങുന്നതിനുള്ള രീതിയാണ്. രണ്ടുരീതിയും ഈ ഹദീസിൽ പ്രതിഫലിച്ചിരിക്കുന്നു. ഒരുഭാഗത്ത് ധനത്യാഗം ചെയ്യുന്നവരെ അല്ലാഹു ആദരിക്കുന്നു. അവരുടെ പൊറുക്കലിനുള്ള സാഹചര്യം ഒരുക്കുന്നു. അവരുടെ ധനം വർദ്ധിപ്പിക്കുന്നു. അവരുടെ ആത്മാക്കളിലും അനുഗ്രഹമിടുന്നു. മറുഭാഗത്ത് ലുബ്ധനേയും പിശുക്കനേയും ലൗകികനേയും ആ അനുഗ്രഹത്തിൽനിന്ന് പിന്തള്ളുന്നുവെന്നു മാത്രമല്ല, അവരുടെ കൈയിലുള്ളതെല്ലാം ഈ ലോകത്തുതന്നെ നശിച്ചുപോകുന്ന അവസരവും ഉണ്ടാക്കുന്നു. പരലോകത്തും അയാൾക്കു നാശമായിരിക്കും. ധർമ്മിഷ്ഠനും ധനത്യാഗം ചെയ്യുന്നവനും സ്വർഗ്ഗത്തിലേക്ക് പോകുന്നതിനെ സംബന്ധിച്ചും, പിശുക്കൻ നരകത്തിലേക്ക് പോകുന്നതിനെ സംബന്ധിച്ചും ഒരു നിവേദനത്തിൽ ഇങ്ങനെ വന്നിരിക്കുന്നു.

ഹസ്റത്ത് ആയിശ(റ) വിവരിക്കുന്നു. നബി(സ) പറഞ്ഞു: ധർമ്മിഷ്ഠൻ അല്ലാഹുവിന്നടുത്താകുന്നു. ജനങ്ങളോട് അടുത്താകുന്നു. സ്വർഗ്ഗത്തിന്നടുത്താകുന്നു. നരകത്തിൽനിന്ന് അകലത്താകുന്നു. അതിന്നെതിരിൽ ലുബ്ധൻ അല്ലാഹുവിൽനിന്ന് അകലത്താകുന്നു. ജനങ്ങളിൽനിന്ന് അകലത്താകുന്നു. സ്വർഗ്ഗത്തിൽനിന്ന് അകലത്താകുന്നു. എന്നാൽ, നരകത്തിന്നടുത്താകുന്നു. പറഞ്ഞു: നിരക്ഷരകുക്ഷിയായ ധർമ്മിഷ്ഠൻ ലുബ്ധനായ ആരാധനാകർമ്മങ്ങളനുഷ്ഠിക്കുന്നവനെക്കാൾ അല്ലാഹുവിന്റെ വഴിയിൽ കൂടുതൽ പ്രിയപ്പെട്ടവനാണ്.

ആരാധനാകർമ്മങ്ങൾ കൂടുതലായി അനുഷ്ഠിക്കുന്നവനാണെങ്കിലും പിശുക്കനാണെങ്കിൽ, അല്ലാഹുവിന്റെ മുമ്പിൽ ധർമ്മിഷ്ഠനോളം വിലയില്ലാത്തവനാണ്. അല്ലാഹു ഭൗതികമായ നിലയിൽ എങ്ങനെയാണ് അനുഗ്രഹിക്കുന്നത്. ധനത്തിൽ അനുഗ്രഹം ചൊരിയുന്നതിനേയും ഉത്തമമായ കടം തിരികെ നല്കുന്നതിനേയും സംബന്ധിച്ച് ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഇത് പല പ്രാവശ്യം നിങ്ങൾ കേട്ടിട്ടുണ്ടാകും. എന്നാൽ, ധനത്യാഗത്തിന്റെ സമയം വരുമ്പോൾ, അധികമാളുകളും ഇതു മറന്നുപോകാറുണ്ട്. നബി(സ) തിരുമേനി ആ സംഭവം ഇങ്ങനെ വിവരിച്ചിരിക്കുന്നു. ഒരാൾ കാട്ടിലൂടെ പോകുകയായിരുന്നു. കാർമേഘമുണ്ടായിരുന്നു. അപ്പോൾ അയാൾ ഒരു അശരീരി കേട്ടു. കാർമേഘമേ! ഇന്ന നല്ല മനുഷ്യന്റെ തോട്ടത്തിൽപോയി നീ പെയ്യുക. ആ കാർമേഘം ആ ഭാഗത്തേക്ക് പോയി. ഈ അശരീരി കേട്ടയാൾ, ആ കാർമേഘത്തിന്റെ പിന്നാലെ പോയി. അതൊരു കൽപ്രദേശത്തു പെയ്തു. പിന്നീട് ഒരു ചാലിലൂടെ അതൊഴുകാൻ തുടങ്ങി. അയാളും അതിനോടൊപ്പം നടന്നു. ആ ചാല് ഒരു തോട്ടത്തിലേക്ക് കടന്നു. തോട്ടത്തിന്റെ ഉടമസ്ഥൻ വളരെ സൂക്ഷ്മതയോടെ വെള്ളം ആവശ്യമുള്ള സ്ഥലത്തെല്ലാം അതെത്തിച്ചുകൊണ്ടിരു

ന്നു. ആ അശരീരി കേട്ടയാൾ തോട്ടത്തിന്റെ ഉടമസ്ഥ നോട് ചോദിച്ചു: അല്ലാഹുവിന്റെ ദാസാ! അങ്ങയുടെ പേരെന്താണ്? കാർമേഘത്തിൽനിന്നുകേട്ട അതേ പേരാണ് അയാൾ പറഞ്ഞത്. തോട്ടത്തിന്റെ ഉടമസ്ഥൻ തന്റെ പേരു ചോദിക്കാൻ കാരണമെന്താണെന്ന് അയാളോട് ചോദിച്ചു. അയാൾ പറഞ്ഞു: ഞാൻ കാർമേഘത്തിൽനിന്ന് ഒരു അശരീരി കേട്ടിരുന്നു. താങ്കളുടെ ഏതു പ്രവൃത്തികൊണ്ടാണ് അല്ലാഹു ഇങ്ങനെ താങ്കളോടു ദയ കാണിച്ചത്. തോട്ടത്തിന്റെ ഉടമസ്ഥൻ പറഞ്ഞു: തോട്ടത്തൽനിന്ന് എന്തു വരുമാനമുണ്ടായാലും അതിന്റെ മൂന്നിലൊന്ന് അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കുന്നു. മൂന്നിലൊന്ന് വീട്ടുചെലവിനായി എടുക്കുന്നു. മൂന്നിലൊന്ന്, ആ തോട്ടത്തിന്റെ സംരക്ഷണത്തിന്നായി ചെലവഴിക്കുന്നു."

മൂന്നിലൊരു ഭാഗം ചെലവുചെയ്ത കാരണത്താൽ, അല്ലാഹു എങ്ങനെയാണ് സൗകര്യം ഒരുക്കിക്കൊടുക്കുന്നതെന്ന് നോക്കുക. അല്ലാഹു പറയുന്നു: ആരാണോ എനിക്കുവേണ്ടി ത്യാഗം ചെയ്യുന്നത്, അയാളെ പ്രതിഫലം കൊടുക്കാതെ ഞാൻ വിടുകയില്ല. എങ്ങനെയൊക്കെയാണ് അല്ലാഹു അനുഗ്രഹിക്കുന്നതെന്ന് നോക്കുക. അതു കാണുമ്പോൾ അത്ഭുതം തോന്നും. ഞാൻ പറഞ്ഞതുപോലെ ഹസ്റത്ത് മസീഹ് മൗഊദ്(അ) മുഖേന ആ മഹാത്മാവിനെ വിശ്വസിക്കുന്നവർക്ക് അല്ലാഹു ത്യാഗത്തിന്റെ ഉള്ളറിവും ബോധവും നല്കിയിരിക്കുന്നു. അത്ഭുതകരമായ നിലയിൽ അവർ ത്യാഗങ്ങളുടെ ഉന്നതമായ നില സ്ഥാപിച്ചു.

ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇത് സംബന്ധമായി തന്റെ ഒരു സ്വഹാബിയെ ഉദാഹരണമായി എടുത്തുദ്ധരിച്ചുകൊണ്ട് പറയുന്നു:

"അപ്രകാരം തന്നെയുള്ള ഒരാളാണ് നമ്മുടെ പ്രിയപ്പെട്ട മൗലവി മുഹമ്മദ് അഹ്സൻ സാഹിബ് അംറോഹി. ഈ ജമാഅത്തിന്റെ സഹായത്തിനായി നല്ല നല്ല ഗ്രന്ഥങ്ങൾ രചിക്കുന്നതിൽ അദ്ദേഹം വ്യാപൃതനാണ്. സാഹിബ് സാദാ പീർസിറാജുൽ ഹഖ് സാഹിബ് ആയിരക്കണക്കിന് മുരീദ്മാരിൽനിന്ന് ബന്ധം വിച്ഛേദിച്ച് ഇവിടെത്തെ ദർവേശീ ജീവിതം സ്വീകരിച്ചു." (ഒരാളുടെ ജീവിതത്തെക്കുറിച്ചല്ല പലരേയും കുറിച്ച് അവിടന്ന് പറയുന്നു) "മിയാൻ അബ്ദുല്ലാഹ് സാഹിബ് സന്നൗരി, മൗലവി ബുർഹാനുദ്ദീൻ സാഹിബ് ജഹ്ലമി, മൗലവി മുബാറക് അലി സാഹിബ് സിയാൽക്കോട്ടി, ഖാസി സിയാവുദ്ദീൻ സാഹിബ് ഖാസിക്കോട്ടി, മുൻശീ നബി ബഖ്ശ് സാഹിബ് ബട്ടാല ഗുരുദാസ്പൂർ, മുൻശീ ജലാലുദ്ദീൻ സാഹിബ് ജിലാനീ തുടങ്ങിയവർ തങ്ങളുടെ കഴിവിനനുസരിച്ച് സേവനത്തിൽ മുഴുകിയിരിക്കുകയാണ്. ഞാനെന്റെ ജമാഅത്തിന്റെ സ്നേഹത്തിലും ആത്മാർത്ഥതയിലും അത്ഭുതപ്പെട്ടുപോകുന്നു. അവരിൽ അങ്ങേയറ്റം കുറച്ചു വരുമാനം മാത്രമുള്ള മിയാൻ ജലാലുദ്ദീൻ, ഖയ്റുദ്ദീൻ, ഇമാമുദ്ദീൻ കശ്മീരി തുടങ്ങിയവർ എന്റെ ഗ്രാമത്തിനടുത്ത് താമസിക്കുന്നവരാണ്. ദരിദ്രരായ ആ മൂന്നു സഹോദരന്മാരും- അവർക്ക് മൂന്നണയോ നാലണയോ ആണ് നിത്യവും കിട്ടുന്നത്- ഉത്സാഹത്തോടെ ഓരോ മാസം നല്കുന്ന ചന്ദയിൽ പങ്കെടുക്കുന്നവരാണ്. അവരുടെ സുഹൃത്തും വില്ലേജ് രജിസ്ട്രാറുമായ മിയാൻ അബ്ദുൽ അസീസിന്റെ ആത്മാർത്ഥതയിൽ ഞാനാശ്ചര്യപ്പെടുകയാണ്. വളരെ കുറച്ചു വരുമാനം മാത്രം ഉണ്ടായിട്ടും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കണമെന്ന് പറഞ്ഞുകൊണ്ട് ഒരു ദിവസം നൂറു രൂപതന്നു. ആ നൂറുരൂപ ആ പാവം കുറേ വർഷങ്ങൾ കൊണ്ട് സ്വരുക്കൂട്ടിയതായിരിക്കും. എന്നാൽ, ദൈവികമായ പ്രചോദനം, അല്ലാഹുവിന്റെ തൃപ്തിയെ ആവേശംകൊള്ളിച്ചു."

നോക്കുക, ധനത്യാഗം ചെയ്യുന്നതിനു പുറമേയും ത്യാഗങ്ങളുടെ ഉന്നതനില അവർ സ്ഥാപിച്ചു. അക്കാലത്തെ നൂറുരൂപ എന്നു പറയുന്നത്, ഗോതമ്പിന്റെ കണക്കനുസരിച്ച് നോക്കിയാൽ ലക്ഷം രൂപയ്ക്ക് ഇന്ന് തുല്യമാണ്. ഇന്ന് സമ്പാദിക്കുന്നവർ, അക്കാലത്തെ സമ്പാദനത്തിലേക്ക് നോക്കുക. അവരിൽ ഒരുപാടാളുകളുടെ മക്കൾ ഇവിടെ യൂറോപ്യൻ രാഷ്ട്രങ്ങളിലും മറ്റും വസിച്ചുവരുന്നുണ്ട്. അവർ നല്ലവണ്ണം സമ്പാദിക്കുന്നവരാണ്. നല്ല നിലയിലുമാണ്. അവർ തങ്ങളുടെ സമ്പാദ്യം നോക്കിക്കൊണ്ട് അവരുടെ ത്യാഗത്തിന്റെ അളവ് വിലയിരുത്തട്ടെ.

എപ്പോഴും ത്യാഗസമ്പന്നനായിരുന്ന ഒരാളെക്കുറിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ) എഴുതുന്നു. "എന്റെ സ്നേഹിതനാണ് മുൻശീ മുഹമ്മദ് അരോഡ നഖ്ശ് നവീസ് മജ്സ്ട്രേട്ടി. മുൻശീ സാഹിബ് സ്നേഹത്തിലും ആത്മാർത്ഥതയിലും ചിന്താഗതിയിലും പ്രസന്നനായ ആളാണ്. സത്യസന്ധതയെ ഇഷ്ടപ്പെടുകയും അതിനെ പെട്ടെന്ന് മനസ്സിലാക്കുകയും ചെയ്യുന്നു. അത്യുത്സാഹത്തോടെ സേവനം ചെയ്തുവരുന്നു. എന്നല്ല തന്നിൽ നിന്ന് എന്തെങ്കിലും സേവനം ഉണ്ടായെങ്കിൽ എന്നോർത്ത് അദ്ദേഹം രാവും പകലും കഴിച്ചുകൂട്ടുന്നു. അത്ഭുതമുളവാക്കുന്ന വിശാലഹൃദയനും എന്തിനും ജീവൻ ബലിയർപ്പിക്കാൻ തയ്യാറുള്ള മനുഷ്യനുമാണ്. അദ്ദേഹത്തിന് ഈ വിനീതനോടു അതിയായ സ്നേഹമുണ്ടെന്ന് ഞാൻ കരുതുന്നു. തന്റെ കഴിവും ധനവും എല്ലാം ഉപയോഗിച്ച് എന്തെങ്കിലും സേവനം ചെയ്യുന്നതിനേക്കാൾ അധിക സന്തോഷം അദ്ദേഹത്തിന് മറ്റൊരു കാര്യത്തിലുമുണ്ടാകുകയില്ല. അദ്ദേഹം മനസ്സുകൊണ്ടും ജീവൻകൊണ്ടും കൂറുപുലർത്തുന്നയാളും സ്ഥിതിഗതികളിൽ അടിയുറച്ചുനില്ക്കുന്നയാളും ധൈര്യവാനുമാണ്. അല്ലാഹു അദ്ദേഹത്തിന് സൽഫലം നല്കുമാറാകട്ടെ."

മുൻശീ സഫർ അഹ്മദ് സാഹിബിനെക്കുറിച്ച് പറയുന്നു: "ഒരിക്കൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) എന്തോ ആവശ്യത്തിനായി ജമാഅത്തിന് സാധിക്കുമെങ്കിൽ സാമ്പത്തികമായി സഹായിക്കാൻ പറഞ്ഞു. അദ്ദേഹം വീട്ടിലേക്കുപോയി, ഭാര്യയുടെ ആഭരണം വിറ്റ് ആ പണം ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് നല്കി. എങ്ങനെയാണ് അത് സംഘടിപ്പിച്ചതെന്ന് പറഞ്ഞില്ല.

കുറച്ചു ദിവസങ്ങൾക്കുശേഷം അദ്ദേഹത്തിന്റെ മറ്റു സുഹൃത്തുക്കൾ അറിഞ്ഞപ്പോൾ അവർ ദ്വേഷ്യപ്പെട്ടു. ഞങ്ങളോടു എന്തുകൊണ്ട് പറഞ്ഞില്ല എന്ന് ചോദിച്ചു. എന്തുകൊണ്ട് ഞങ്ങളുടെ പ്രതിഫലം തടഞ്ഞു എന്നും ചോദിക്കുകയുണ്ടായി."

ഈ വികാരമാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്നെ വിശ്വസിച്ച തന്റെ കാലത്തുള്ളവരിൽ സൃഷ്ടിച്ചത്. ഹസ്റത്ത് ഡാക്ടർ ഖലീഫ റശീദുദ്ദീൻ സാഹിബ്, അദ്ദേഹം ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ ഭാര്യാപിതാവും, ഉമ്മുനാസിറിന്റെ പിതാവുമായിരുന്നു. അദ്ദേഹത്തെക്കുറിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ) ഒരിക്കൽ പറഞ്ഞു: ''ത്യാഗങ്ങളിൽ അദ്ദേഹം വളരെ മുമ്പോട്ടു പോയിരിക്കുന്നു. എത്രമാത്രമെന്നാൽ, ഇനിയൊന്നും തന്നില്ലെങ്കിൽതന്നെ അദ്ദേഹത്തിന്റെ ത്യാഗത്തിന്റെ നില വളരെ ഉന്നതമാണ്. കഴിഞ്ഞകാലത്ത് അദ്ദേഹം ചെയ്തതുതന്നെ മതിയായതാണ്."

ഒരിക്കൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) എന്തോ കാര്യത്തിനായി സാമ്പത്തികസഹായം ആവശ്യപ്പെട്ടു. ഡാക്ടർ സാഹിബ്, തനിക്കു ലഭിച്ച ശമ്പളം മുഴുവൻ ക്ഷണത്തിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് അയച്ചുകൊടുത്തു. അവിടെയുണ്ടായിരുന്നയാൾ, ചെലവിനുവേണ്ടി എന്തെങ്കിലും കൈയിൽ വയ്ക്കാൻ അദ്ദേഹത്തോട് പറഞ്ഞു. അദ്ദേഹം പറഞ്ഞു: ഇന്ന് അല്ലാഹുവിന്റെ മസീഹ് ദീനീ ആവശ്യത്തിന്നായി പണം ആവശ്യപ്പെട്ടിരിക്കുകയാണ്. എന്റെ ആവശ്യം ദീനീപരമായ ആവശ്യത്തേക്കാൾ പ്രധാനപ്പെട്ടതല്ല. അതുകൊണ്ട് എന്റെ കയ്യിലുള്ള പണം മുഴുവൻ ഞാൻ ദീനീ ആവശ്യത്തിനായി അയച്ചുകൊടുക്കുകയാണ്.

ഇത്തരം നിരവധി സംഭവങ്ങൾ നമുക്ക് ലഭിക്കുന്നുണ്ട്. അവർ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ ത്യാഗത്തിന്റെ ഉന്നതമായ നില സ്ഥാപിക്കുകയുണ്ടായി. ഹസ്റത്ത് ഖലീഫത്തുൽമസീഹ് ഒന്നാമനെപോലെ ത്യാഗം ചെയ്യുന്ന ആരുമില്ലെന്ന് ആരോ ഹസ്റത്ത് മസീഹ് മൗഊദ്(അ)നോടു പറഞ്ഞു. ആ ആക്ഷേപകനു മറുപടി നല്കിക്കൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "താങ്കൾ പറയുന്നത് ഒരു നൂറുദ്ദീൻ സാഹിബ് മാത്രമാണ് ഈ രീതിയിൽ പ്രവർത്തിക്കുന്നതെന്നാണോ? ഈ കുറ്റുകെട്ടിന് താങ്കൾ എന്തു മറുപടി നല്കുമെന്ന് എനിക്കറിയില്ല. കുറഞ്ഞത് ഒരു ലക്ഷം പേർ എന്നിൽ സത്യഹൃദയത്തോടെ വിശ്വസിച്ചിട്ടുള്ളവരാണെന്ന് എനിക്ക് സത്യം ചെയ്ത് പറയാൻ കഴിയും." ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്റെ കാലഘട്ടത്തെക്കുറിച്ചാണ് ഈ പറയുന്നത്. ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇതെവിടെയോ എത്തിക്കഴിഞ്ഞിരിക്കുന്നു.

പറഞ്ഞു: "അവർ സൽക്കർമ്മങ്ങൾ ചെയ്യുന്നു. കാര്യങ്ങൾ കേൾക്കുമ്പോൾ, കണ്ണീരുകൊണ്ട് അവരുടെ കോളറുകൾ നനയുംവിധം അവർ കരയുന്നു. എനിക്ക് ബയ്അത്ത് ചെയ്തിട്ടുള്ള ആയിരക്കണക്കിന്നാളുകളെ മൂസാനബിയെ വിശ്വസിച്ചവരെക്കാൾ ആയിരംമടങ്ങ് ഉത്തമരായിട്ട് ഞാൻ വിശ്വസിക്കുന്നു. അവരുടെ മുഖകമലങ്ങളിൽ സ്വഹാബത്തിന്റെ വിശ്വാസങ്ങളുടേയും കഴിവുകളുടേയും പ്രകാശം കാണുന്നു. അഥവാ ഒന്നോ രണ്ടോ വ്യക്തികൾ പ്രകൃത്യാൽ ന്യൂനതയുള്ളവരായിട്ടുണ്ടെങ്കിൽ, അത് പേരിനുമാത്രമാണ്."

പറയുന്നു: "എന്റെ ജമാഅത്ത് എത്രത്തോളം നന്മയിലും കഴിവിലും അഭിവൃദ്ധിപ്പെട്ടിരിക്കുന്നുവോ അതും ഒരു മുഅ്ജിസത്താണ്. ആയിരക്കണക്കിനാളുകൾ ഹൃദയാത്മനാ ജീവൻ ബലിയർപ്പിച്ചിട്ടുള്ളവരാണ്. ഇന്ന് ഇവരോട് നിങ്ങളുടെ എല്ലാ സമ്പത്തും ദീനിനുവേണ്ടി ഉപേക്ഷിക്കാൻ പറഞ്ഞാൽ, അവർ അത് ഉപേക്ഷിക്കാൻ തയ്യാറായിരിക്കുകയാണ്. എങ്കിലും, ഞാൻ അവരെ മറ്റ് അഭിവൃദ്ധികളും കൈവരിക്കാൻ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ നന്മകൾ അവരെ കേൾപ്പിക്കാറില്ല. എന്നാൽ മനസ്സിൽ എനിക്ക് സന്തോഷമുണ്ട്."

ഹസ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തിലുണ്ടാക്കിയ പരിശുദ്ധമായ മാറ്റത്തിനുദാഹരണം ലഭിക്കുകയില്ല. എല്ലാ കാലത്തും ഈ ത്യാഗം വരിക്കുന്നവർ ഉണ്ടായിക്കൊണ്ടിരുന്നിട്ടുണ്ട്. അവരിൽ സമ്പന്നരുമുണ്ട്, ദരിദ്രരുമുണ്ട്. രണ്ടാം ഖിലാഫത്തുകാലത്ത്, ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) സാമ്പത്തിക ത്യാഗത്തിന് വിളംബരം ചെയ്തു. അപ്പോൾ എല്ലാ വിഭാഗമാളുകളും ലബ്ബൈക്ക് പറഞ്ഞു. വളരെ ഞെങ്ങിഞെരുങ്ങി ജീവിതം കഴിച്ചിരുന്ന ഒരു വൃദ്ധ– രണ്ടുമൂന്ന് കോഴി വളർത്തിയാണ് അവർ ജീവിച്ചിരുന്നത്– ഖലീഫത്തുൽ മസീഹ് സാനിയുടെയടുക്കൽ വന്നു പറഞ്ഞു: "എനിക്ക് ഒന്നുരണ്ട് കോഴികളുണ്ട്. അതിന്റെ മുട്ടകൾ വിറ്റ് ഹുസൂറിന്റെ പദ്ധതിയിലേക്ക് ചന്ദ നല്കാൻ വേണ്ടി വന്നതാണ്."

നോക്കുക, ആ വൃദ്ധയുടെ വികാരാവേശം. ഖലീഫത്തുൽ മസീഹ് ആഹ്വാനം ചെയ്ത പദ്ധതിയിൽനിന്ന് പിന്നിലാകാൻ അവർ ആഗ്രഹിച്ചില്ല. തീർച്ചയായും അവരുടെ ഈ വികാരം കാരണത്താൽ, അവരുടെ ആ നിസ്സാരമായ പൈസ, അല്ലെങ്കിൽ കുറച്ച് മുട്ടകൾ അല്ലാഹുവിന്റെ പക്കൽ കോടിക്കണക്കിന് രൂപയേക്കാൾ പ്രാധാന്യമുള്ളതാണ്. ഈ സംഭവങ്ങൾ ഓരോ കാലത്തും കാണാവുന്നതാണ്. ഇന്നും ത്യാഗങ്ങളുടെ ഉന്നതനില നാട്ടുന്ന സ്ത്രീകളുണ്ട്. ഒരു സ്ത്രീ, നാലാം ഖിലാഫത്തിന്റെ കാലഘട്ടത്തിൽ തന്റെ ആഭരണം വിവിധ പദ്ധതികൾക്കായി കൊടുക്കുകയുണ്ടായി. ഞാൻ പറഞ്ഞ ചില പദ്ധതികളിലും ബാക്കിയുണ്ടായിരുന്ന ആഭരണവും കൊടുത്തു. പിന്നീട്, അവർക്ക് സമ്മാനമായി കിട്ടിയതോ, വീണ്ടും ഉണ്ടാക്കിയതോ ആയ ആഭരണവും അല്ലാഹുവിന്റെ വഴിയിൽ ചെലവഴിച്ചു. ഇപ്രകാരംതന്നെ പുരുഷന്മാരിലും ഒരുപാട് ത്യാഗം ചെയ്യുന്നവരുണ്ട്. അവർ കഴിവിന്നതീതമായി ത്യാഗങ്ങൾ വരിച്ചുവരുന്നവരാണ്. ഈ ത്യാഗങ്ങളുടെ നില ഇന്ന് അഹ്മദിയ്യാ ജമാഅത്തിൽ മാത്രമാണ് അല്ലാഹു സ്ഥാപിച്ചിട്ടുള്ളത്. ഇന്ത്യക്കാരനോ പാക്കിസ്ഥാൻകാരനോ മാത്രമല്ല ഈ

അഭിമാനമുള്ളത്. ചിലരുടെ പൂർവ്വികർ സ്വഹാബിമാർ ആയതുകൊണ്ട് അവരുടെ സന്താനങ്ങളിൽ ഈ പരമ്പര നടന്നുവരുന്നു എന്നതുമല്ല. ലോകത്ത് എല്ലാ രാഷ്ട്രങ്ങളിലും, എല്ലാ ജനതകളിലും ത്യാഗങ്ങളുടെ മാതൃക നിലനാട്ടപ്പെടുകയാണ്. ആഫ്രിക്കയിലെ പാവപ്പെട്ടവരും തങ്ങളുടെ കോഴികളും, കോഴിമുട്ടകളും തങ്ങളുടെ കൈയിലുള്ള ഒന്നോ രണ്ടോ ആടുകളും ദൈവമാർഗ്ഗത്തിൽ കൊടുക്കുന്നു. പണം ഞങ്ങളുടെ കൈയിലില്ല, ഇത് ഞങ്ങളുടെ ചന്ദയായി വരവുവയ്ക്കുക എന്നവർ പറയുന്നു. ആഫ്രിക്കക്കാരിൽ നല്ലനിലയിൽ കഴിയുന്ന സ്ത്രീകളും പുരുഷന്മാരുമുണ്ട്. അവർ വലിയ വലിയ സാമ്പത്തികത്യാഗങ്ങൾ ചെയ്തവരാണ്. ചെയ്തുകൊണ്ടിരിക്കുന്നവരാണ്. പള്ളിക്കുവേണ്ടി സ്ഥലം വാങ്ങി പള്ളികൾ നിർമ്മിക്കുന്നു. വൻതുകകൾ ചെലവഴിച്ച് വലിയ വലിയ പള്ളികളാണ് അവർ നിർമ്മിക്കുന്നത്. ഈ വർഷം ഒരു സ്ത്രീ മനോഹരമായ ഒരു പള്ളി നിർമ്മിച്ച് ജമാഅത്തിന് നല്കി. ഈ മാറ്റം ഇവരിൽ ഉണ്ടായത് ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചതിനുശേഷമാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: “എന്റെ ജമാഅത്ത് എത്രത്തോളം നന്മയിലും കഴിവിലും അഭിവൃദ്ധിപ്പെട്ടുവോ അതും ഒരു മുഅ്ജിസത്താണ്. ആയിരക്കണക്കിന്നാളുകൾ ഹൃദയാത്മനാ ബലിയർപ്പിക്കാൻ തയ്യാറാണ്.” നിങ്ങളുടെ എല്ലാ സ്വത്തുക്കളും കൈവെടിയാൻ ഇന്നവരോട് പറഞ്ഞാൽ, അവർ കൈവെടിയാൻ തയ്യാറാണ്. ഹസ്റത്ത് മസീഹ് മഊദ് (അ)ന്റെ ഈ പ്രിയപ്പെട്ട ജമാഅത്ത്, ഈ മാതൃക ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതകാലത്തു മാത്രമല്ല സ്ഥാപിച്ചത്. ഇന്നും ഈ മാതൃക സ്ഥാപിതമായിക്കൊണ്ടിരിക്കുന്നു. തീർച്ചയായും, തന്റെ ജമാഅത്തിനുവേണ്ടി ഹസ്റത്ത് മസീഹ് മൗഊദ്(അ) ചെയ്ത ദുആയുടെ ഫലമാണിത്. സാമ്പത്തികമായ ത്യാഗത്തിന് വിളംബരം ഉണ്ടാകുമ്പോഴെല്ലാം ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ പ്രിയപ്പെട്ട ജമാഅത്ത് എപ്പോഴും ലബ്ബൈക്ക് പറയുന്നു.

ഇതുസംബന്ധമായി ഇന്ന് ഞാനും നോർവെ ജമാഅത്തിനോട് ഒരു സാമ്പത്തികത്യാഗത്തിന് വിളംബരം ചെയ്യുകയാണ്. ഇരട്ടിഫലം ലഭിക്കുന്ന ഒരു സാമ്പത്തിക ത്യാഗത്തിനുള്ള വിളംബരമാണിത്. ഇതുമുഖേന നിങ്ങൾ രണ്ടുപ്രാവശ്യം സ്വർഗ്ഗത്തിന്നവകാശികളാകുന്നു. ഒന്ന് ധനത്യാഗം ചെയ്തുകൊണ്ട്. മറ്റൊന്ന്, തനിക്കുവേണ്ടി ജന്നത്തിൽ വീടുണ്ടാക്കിയിരിക്കുന്നുവെന്ന നബി(സ) സുവാർത്തയറിയിച്ച ആ പ്രത്യേക ഉദ്ദേശ്യം പൂർത്തിയാക്കിക്കൊണ്ട്. അതായത് പള്ളിനിർമ്മാണം. നബി(സ) പറഞ്ഞു: ആരാണോ ഇഹലോകത്ത് പള്ളി നിർമ്മിക്കുന്നത് അയാൾ സ്വർഗ്ഗത്തിൽ തനിക്കുള്ള വീടു നിർമ്മിക്കുകയാണ് ചെയ്യുന്നത്. നോർവെ അഹ്മദിയ്യാ ജമാഅത്ത് കുറച്ചുവർഷം മുമ്പേ തങ്ങളുടെ ആവശ്യം കണക്കിലെടുത്തുകൊണ്ട്, ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)ന്റെ അനുവാദത്തോടെ, അല്ല ഹുസൂറിന്റെ ആവശ്യപ്രകാരം ഒരു പള്ളി പണിയുമെന്ന് വാഗ്ദാനം ചെയ്തിരുന്നു. പക്ഷേ, നിർഭാഗ്യവശാൽ ഈ വാഗ്ദാനം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ഓരോരുത്തരും പരസ്പരം ആക്ഷേപം ഉന്നയിക്കാൻ ശ്രമം നടത്തി. എന്തായാലും അതൊരു സുദീർഘ കഥയാണ്. അടിത്തറയിട്ടു എന്നല്ലാതെ മറ്റൊരു പണിയും നടന്നിട്ടില്ല. അതും ശോചനീയ സ്ഥിതിയിലാണുള്ളത്. ജമാഅത്തംഗങ്ങൾ ഒരുപാട് സാമ്പത്തികത്യാഗം ചെയ്തു എന്നതിൽ സംശയമില്ല. സ്വന്തം കഴിവിനേക്കാൾ അധികമായ പദ്ധതി ഉണ്ടാക്കിയ കാരണത്താലാകാം പണി പൂർത്തിയാക്കാൻ സാധിക്കാതിരുന്നത്. പക്ഷേ, ഒരു അഹ്മദി ഒരിക്കൽ പ്രതിജ്ഞ ചെയ്യുമ്പോൾ, അല്ലാഹുവിൽ തവക്കുൽ ചെയ്തുകൊണ്ട് വാഗ്ദാനം ചെയ്യുമ്പോൾ, അത് പൂർത്തിയാക്കുന്നതിനായി പരിശ്രമിക്കുകയും ചെയ്യും. തന്റെ കഴിവ് മുഴുവൻ ചെലവഴിച്ച് അതു പൂർത്തിയാക്കാൻ ശ്രമിക്കുന്നു. എന്നാൽ, ഈ ഭാഗത്തേക്ക് നിങ്ങളുടെ ശ്രദ്ധ ഉണ്ടായിട്ടുണ്ടാകുകയില്ല. വേണ്ടതുപോലെ ഓർമ്മിപ്പിച്ചിട്ടും ഉണ്ടാകുകയില്ല. ഈ പള്ളി ഉണ്ടായില്ലെങ്കിൽ, ഒരു പ്രതിജ്ഞ പൂർത്തിയാക്കാത്തതിനു പുറമെ ഭൗതികമായ നഷ്ടം നമുക്കു സഹിക്കേണ്ടിവരും എന്ന ബോധവും ഉണ്ടായിട്ടില്ല. കാരണം സ്ഥലം വാങ്ങിയതിനും മറ്റു പണികൾ നടത്തിയതിനും ഒരുപാട് തുക ചെലവായിട്ടുണ്ട്. അതാണെങ്കിൽ ഉപയോഗിക്കാൻ പറ്റുന്ന തരത്തിലായതുമില്ല. അതുകൊണ്ട് സ്ഥലവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. കൗൺസിലിൽ ഈ പ്രശ്നം പല പ്രാവശ്യം ചോദ്യം ചെയ്യപ്പെട്ടു. ജമാഅത്തുവക പള്ളി ഇവിടെ ഉയരാൻ പാടില്ലായെന്ന് കരുതുന്ന സംഘടനകളും കോലാഹലമുണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഈ സ്ഥലം മറ്റെന്തെങ്കിലും ആവശ്യത്തിന്നായി ഉപയോഗിക്കണമെന്ന് അവർ പറയുന്നു. വിവിധ സമയങ്ങളിൽ പത്രങ്ങളിലൂടെയും മറ്റും ബഹളംവെച്ചുകൊണ്ടിരിക്കുന്നു. ഇതുവരെ ചെലവായ തുക, അത് വിറ്റാലും കിട്ടുകയില്ല. എനിക്ക് വിശ്വാസം ഉണ്ട്, ജമാഅത്തിന്റെ കഴിഞ്ഞ നൂറുവർഷചരിത്രം ഇതിനു സാക്ഷിയാണ്. ജമാഅത്തംഗങ്ങൾ ഒരു പദ്ധതിയനുസരിച്ച് ഒന്നായിക്കൊണ്ട് ഒരു ദൃഢനിശ്ചയത്തോടുകൂടി ഏതെങ്കിലും പ്രവൃത്തി തുടങ്ങിയാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അത് പൂർത്തിയായിട്ടുണ്ട്.

നിങ്ങളും ഈ ദൃഢനിശ്ചയത്തോടെ ഈ നിർമ്മാണപ്രവർത്തനം ആരംഭിച്ചാൽ തീർച്ചയായും ഇത് പൂർത്തിയാകുന്നതാണ്. നിങ്ങളിൽ അധികംപേരുടേയും മുഖത്ത്- പുരുഷന്മാരുടേയും സ്ത്രീകളുടേയും യുവാക്കളുടേയും കുട്ടികളുടേയും മുഖത്ത് ആത്മാർത്ഥതയുടേയും കൂറിന്റേയും വികാരം ഞാൻ കാണുന്നു. നിങ്ങളുടെ ആത്മാർത്ഥതയിലും കൂറിലും കുറവുണ്ടെന്ന് ഞാൻ കരുതുന്നില്ല. വ്യക്തിഗതമായ ചില ന്യൂനതകളുണ്ടാകാം. അതകറ്റാൻ ശ്രമിക്കേണ്ടതാണ്. അതു

കൊണ്ട് പരസ്പരം സഹായിക്കാൻ ശ്രമിക്കുക. ദൃഢമായ തീരുമാനമെടുക്കുക. എന്നാൽ അല്ലാഹു ആദ്യത്തേക്കാൾ കൂടുതൽ നിങ്ങളെ സഹായിക്കുന്നതാണ്. അവന്റെ വാഗ്ദാനമനുസരിച്ച്, നിങ്ങളുടെ വാഗ്ദാനം പൂർത്തിയാക്കിക്കൊണ്ട് ഈ പ്രവർത്തനം സഫലമാക്കാനുള്ള അവസരം അല്ലാഹു നല്കുന്നതാണ്. ബലഹീനരായവരെ ഒപ്പം കൊണ്ടുപോവുക. അല്ലാഹുവിന്റെ വീട് നിർമ്മിക്കുന്നതുകൊണ്ടുള്ള നേട്ടങ്ങളെന്തൊക്കെയാണെന്ന് അവർക്ക് പറഞ്ഞുകൊടുക്കുക. ത്യാഗങ്ങൾ ചെയ്തുവരുന്നവർ ആദ്യത്തേക്കാളുപരി അല്ലാഹുവിനോട് സഹായം തേടിക്കൊണ്ട്, സ്വന്തം പ്രതിജ്ഞയെ പുതുക്കിക്കൊണ്ട് എല്ലാവരും കൂടിയിരുന്ന് തീരുമാനിച്ച് പുതിയരീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുക. പരസ്പരം ആക്ഷേപം ഉന്നയിക്കുന്നതിനു പകരം സ്വന്തം കടമകൾ നിറവേറ്റാൻ ശ്രമിക്കുക.

ഇന്ന് ലോകം മുഴുവൻ പള്ളിനിർമ്മാണം നടന്നുവരികയാണ്. പ്രത്യേകമായ ശ്രദ്ധ ഇതിലേക്ക് ഓരോയിടത്തും ഉണ്ടായിട്ടുണ്ട്. ശത്രുക്കൾ നമ്മുടെ പള്ളികൾ തകർക്കാനും പള്ളിനിർമ്മാണം തടയാനും ഇന്ന് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സമാധാനം നിലനില്ക്കുന്ന ഇവിടത്തെപോലുള്ള രാജ്യങ്ങളും- ഇവിടങ്ങളിൽ നിങ്ങളുടെ സാമ്പത്തികാവസ്ഥ മുമ്പത്തേക്കാൾ മെച്ചപ്പെട്ടതാണ്. അതുകൊണ്ട് അല്ലാഹുവിന്റെ നാമം ഓരോരുത്തരിലും എത്തിക്കേണ്ടതാണ്. അവന്റെ സന്ദേശവും ഇസ്‌ലാമിക പ്രകാശവും പരത്തേണ്ടതും നിർബന്ധമാണ്- (സമാധാനം നിലനില്ക്കുന്ന ഈ രാജ്യങ്ങളിൽ) നല്ലൊരു അവസ്ഥ ഉണ്ടായതിനുശേഷവും നിങ്ങൾ ദൈവഭവനവും പ്രകാശം പരത്തേണ്ട ഈ മിനാരവും നിർമ്മിക്കുന്നില്ലെങ്കിൽ അത് നന്ദികേടായിരിക്കും. ഓർമ്മിക്കുക ഇത് അവസാനത്തെ അവസരമാണ്. ഇപ്രാവശ്യം അനുമതി കിട്ടിയതിനുശേഷവും ഇത് പൂർത്തിയാക്കാൻ നിങ്ങൾക്ക് കഴിയുന്നില്ലെങ്കിൽ ഈ സ്ഥലം നമ്മുടെ കയ്യിൽനിന്ന് വിട്ടുപോകും. ഇതുവരെ ചെലവായ പണവും നഷ്ടപ്പെടുന്നതാണ്. ജമാഅത്തിന്റെ അന്തസ്സിനും അത് കളങ്കമായിരിക്കും.

ഇന്ന് ഒന്നായിക്കൊണ്ട് ഈ പള്ളിനിർമ്മാണത്തിലേക്ക് ഇറങ്ങുക. ഈ പള്ളിനിർമ്മാണം മുഖേന ജമാഅത്തിന്റെ അന്തസ്സിനെ നിങ്ങൾ പ്രശോഭിതമാക്കുമ്പോൾ നിങ്ങൾക്കുവേണ്ടി, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കിക്കൊണ്ട് സ്വർഗ്ഗത്തിൽ വീട് നിർമ്മിക്കുകയായിരിക്കും ചെയ്യുന്നത്. ഓർമ്മിക്കുക, ഓരോ വലിയ കാര്യത്തിനും വലിയ ത്യാഗം വരിക്കേണ്ടതായി വരും. പ്രാർത്ഥനയോടുകൂടി ഈ ത്യാഗത്തിന് സന്നദ്ധരാകുമ്പോൾ തീർച്ചയായും അല്ലാഹുവും സഹായിക്കുന്നതാണ്. ഈ അവസരം നിങ്ങൾ നഷ്ടപ്പെടുത്തുകയാണെങ്കിൽ, ഇന്നല്ലെങ്കിൽ നാളെ അഹ്മദിയ്യാ ജമാഅത്തിന്റെ പള്ളികൾ ഒന്നല്ല നിരവധി പള്ളികൾ ഈ രാജ്യത്തുണ്ടാകും. പക്ഷേ, അഹ്മദിയ്യത്തിന്റെ വരുംതലമുറ ഈ സ്ഥലത്തൂടെ നടന്നുപോകുമ്പോൾ 'ഈ സ്ഥലം പള്ളി നിർമ്മിക്കാൻ ജമാഅത്തിന് ലഭിച്ചിട്ടും അക്കാലത്തെ ജനങ്ങൾ തങ്ങളുടെ ഉത്തരവാദിത്തം നിറവേറ്റാത്തതുകൊണ്ട് ഇത് നമുക്ക് നഷ്ടപ്പെട്ടു' എന്ന് പറഞ്ഞുകൊണ്ടായിരിക്കും നിങ്ങളെ സ്മരിക്കുക. ഇങ്ങനെ ചരിത്രം നിങ്ങളെ സ്മരിക്കുന്ന ഒരുനാൾ വരാതിരിക്കട്ടെ. 'ഹൃദയാത്മനാ ബലിയർപ്പിക്കാൻ അവർ തയ്യാറാണ്' എന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ അക്കൂട്ടരിൽ എണ്ണപ്പെടാൻ അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ. എപ്പോഴും ഈ മാതൃക നിലനിർത്തുന്നവരായിത്തീരട്ടെ. യുവാക്കളും വൃദ്ധരും സ്ത്രീകളും ഇതിലേക്ക് പ്രത്യേകം ശ്രദ്ധിക്കുക. എത്രയും വേഗം ഈ പള്ളി നിർമ്മിക്കുക എന്നുപറഞ്ഞ് കുട്ടികളും അവരുടെ മാതാപിതാക്കളുടെ പിന്നാലെ കൂടട്ടെ. നിങ്ങളുടെ ആത്മാർത്ഥതയേയും കൂറിനേയും കുറിച്ച് ഇതിനു മുമ്പും ഞാൻ പറഞ്ഞിട്ടുണ്ട്. എനിക്കിതിലൊരു സംശയവുമില്ല. നിങ്ങളൊന്ന് ശ്രദ്ധിക്കണമെന്നു മാത്രം. കഴിഞ്ഞവർഷം ലണ്ടനിൽവെച്ച് ഞാൻ വസിയ്യത്തിനെക്കുറിച്ച് പറഞ്ഞപ്പോൾ ഇവിടെ 67 മൂസികളാണുണ്ടായിരുന്നത്. ഒരു വർഷം കൊണ്ട് ഇതിന്റെ രണ്ടിരട്ടി വർദ്ധനവുണ്ടായി. 191 ആയി അത് ഉയർന്നു. ഇപ്പോൾ ചന്ദഃ കൊടുക്കുന്നവർ ഏകദേശം 500 ആണ്. ഇത് തെളിയിക്കുന്നത് നിങ്ങൾ ധനത്യാഗം ചെയ്യുന്നതിൽ പിന്നിലല്ല എന്നാണ്. ഒന്നിച്ചിരുന്നാലോചിക്കുകയും ഒന്നായിക്കൊണ്ട് പ്രവർത്തിക്കുകയും ചെയ്താൽ തീർച്ചയായും അതിൽ അനുഗ്രഹമുണ്ടാകും. നിങ്ങളിൽ ഓരോരുത്തരും ഇവിടെനിന്ന് എഴുന്നേൽക്കുമ്പോൾ എന്തായാലും അല്ലാഹുവിന്റെ ഈ പള്ളി നിർമ്മിക്കുമെന്ന ദൃഢനിശ്ചയത്തോടെ എഴുന്നേല്ക്കുക. അല്ലാഹു ഇതിന് നിങ്ങളെ അനുഗ്രഹിക്കട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on
23.9.2005
at
Oslow, Norway

**വിവ: മുഹമ്മദ് ഇസ്മായീൽ. എച്ച്.എ, ആലപ്പുഴ**
Mobile: 9895 126027; 0497 2702562

Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala